കേരള സർക്കാർ

# ഊർജ്ജ സംരക്ഷണ അവാർഡ് 2012

## പ്രഖ്യാപ നം

## 12 ഡിസംബർ 2012, 11 AM

ഊർജ്ജ ഉല്പാദനംപോലെ തന്നെ ഏറ്റവും അധികം പ്രാധാന്യം അർഹിക്കുന്നതാണ് ഊർജ്ജ സംരക്ഷണവും. ഊർജ്ജം ഉല്പാദിപ്പിച്ച് അത് പ്രസരണ - വിതരണ ശൃംഖലയിൽ കൂടി ഉപഭോക്താക്കളിൽ എത്തുമ്പോൾ ഉണ്ടാവുന്ന ഊർജ്ജ നഷ്ടവും ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ കാര്യക്ഷമതയും കണക്കിലെടുത്താൽ ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ അടുത്തെത്തുവാൻ 2 മുതൽ 3 യൂണിറ്റ് വരെ വൈദ്യുതി ഉല്പാദന ശേഷി ആവശ്യമായി വരുന്നു. അതുപോലെതന്നെ ഇന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ മുഖ്യ കാരണമായ കാർബൺ ഡൈഓക്സൈഡിന്റെ 60 ശതമാനവും വൈദ്യുതി ഉല്പാദനവും അതിന്റെ ഉപഭോഗവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതിനാൽ ഒരു യൂണിറ്റ് വൈദ്യുതി നാം ലാഭിക്കുമ്പോൾ 2 മുതൽ 3 യൂണിറ്റ് വരെ സ്ഥാപിതശേഷിയും അതിൽ നിന്ന് പുറപ്പെടുന്ന കാർബൺ ഡൈഓക്സൈഡും നമുക്ക് കുറയ്ക്കുവാൻ സാധിക്കുന്നു. ആയതിനാൽ ഊർജ്ജ ഉല്പാദനത്തേക്കാൾ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിച്ച് പുതിയതും പുതുക്കപ്പെടാവുന്നതുമായ ഊർജ്ജ സ്രോതസ്സുകളും ഉപയോഗിച്ച് വരുംകാലങ്ങളിൽ വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റാനാണ് ഇന്ന് പല രാജ്യങ്ങളും ശ്രമിക്കുന്നത്.

കേരളം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഇന്ത്യക്ക് തന്നെ മാതൃകയാണ്. ഊർജ്ജ സംരക്ഷണ നിയമം 2001 നടപ്പിലാകുന്നതിനു മുമ്പ് തന്നെ 1996 ൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേരള സർക്കാർ എനർജി മാനേജ്മെന്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. ഇതിന്റെ പ്രവർത്തനം മറ്റു പല സംസ്ഥാനങ്ങൾക്കും മാതൃകയാണെന്നുള്ള കാര്യവും ഈ വർഷത്തെ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിൽ മികച്ച സംസ്ഥാനങ്ങൾക്കുള്ള രണ്ടാംസ്ഥാനം എനർജി മാനേജ്മെന്റ് സെന്ററിന് നേടുവാൻ കഴിഞ്ഞതും ഇതിന്റെ തെളിവാണ്. ഇത് മൂന്നാം തവണയാണ് എനർജി മാനേജ്മെന്റ് സെന്ററിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ പുരസ്കാരം ലഭിക്കുന്നത്.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കേരളത്തിലെ സമസ്ത മേഖലകളിലും വ്യാപിപ്പിക്കുന്നതിനാണ് ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ച വെച്ചവർക്ക് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് നൽകുന്നത്. കേരളത്തിലെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഓരോ വർഷവും അവരുടെ പ്രതിശീർഷ ഊർജ്ജ ഉപയോഗം കുറവു വരുത്തുന്നത് ഉല്പാദനച്ചെലവ് കുറയ്ക്കുവാൻ കാരണമാകുന്നുണ്ട് എന്ന് അവാർഡ് നേടിയ സ്ഥാപനങ്ങൾ അവകാശപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും ശക്തമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയവർക്കുള്ള അവാർഡുകളാണ് പ്രഖ്യാപിക്കുന്നത്. അവാർഡിനു വേണ്ടിയുള്ള അപേക്ഷകർ കഴിഞ്ഞ വർഷം നേടിയ ഊർജ്ജ ലാഭം 35 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 9975 ടൺ കൽക്കരിയും 547 ടൺ ഓയിലും 2 ടൺ എൽ പി ജി യും 9551 ടൺ വിറകുമാണ്.

മൊത്തം 13 വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകളും പ്രശസ്തി പത്രങ്ങളും നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

**അവാർഡുകൾ**

| | |
|---|---|
| 1 | വൻകിട ഊർജ്ജ ഉപഭോക്താക്കൾ |
| | **അവാർഡ് : ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം**<br><br>ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ന്യൂസ് പ്രിന്റ് മിൽ ആയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് നൂറു ശതമാനം കപ്പാസിറ്റി യൂട്ടിലൈസേഷൻ നേടിയ സ്ഥാപനമാണ്. കൂടാതെ 15 മെഗാവാട്ടിന്റെയും 7 മെഗാവാട്ടിന്റെയും രണ്ടു വൈദ്യുതി ഉല്പാദന യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു.<br><br>കൽക്കരി ഉപയോഗം കുറയ്ക്കുന്നതിനായി ഉല്പാദന പ്രക്രിയയിൽ ഉണ്ടാകുന്ന പാഴ് വസ്തുക്കൾ ബോയിലറുകളിൽ ഇന്ധനമായി ഉപയോഗിക്കൽ, വേരിയബിൾ സ്പീഡ് ഡ്രൈവുകളുടെ ഉപയോഗം, ഊർജ്ജകാര്യക്ഷമ പമ്പുകളുടെ ഉപയോഗം, എന്നിവയിലൂടെ ഊർജ്ജ ലാഭം നേടുന്നതിന് സാധിച്ചു. |
| | പ്രശസ്തി പത്രം : **(1) എം.ആർ . എഫ് കോട്ടയം**<br><br>ഇന്ത്യയിലെ ഏറ്റവും വലിയ ടയർ നിർമ്മാതാക്കളിൽ ഒന്നായ എം ആർ എഫ് നിർമ്മാണ യൂണിറ്റിൽ നിന്നുള്ള പൊടി, കാർബൺ എന്നിവമൂലം മലിനീകരണം ഉണ്ടാകുന്നത് തടയുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ഇൻസുലേഷൻ, സ്റ്റീം ട്രാപ്പ് എന്നിവ കാര്യക്ഷമമാക്കുകയും ചെയ്യുക വഴി 1.304 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 142.89 മെട്രിക് ടൺ ഇന്ധനവും ലാഭിച്ചു.<br><br>**(2) അപ്പോളോ ടയേഴ് സ് , തൃശ്ശൂർ**<br><br>ടയർ നിർമ്മാണ രംഗത്തും കയറ്റുമതി രംഗത്തും പ്രബലരായ അപ്പോളോ ടയേഴ്സ് ചില്ലറുകൾ, ലൈറ്റിംഗ് സിസ്റ്റം, ബ്ലോവറുകൾ, ഹീറ്റ് റിക്കവറി സിസ്റ്റം എന്നിവ |

| | |
|---|---|
| | കാര്യക്ഷമമാക്കുക വഴി 2.507 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 1085.77 മെട്രിക് ടൺ കൽക്കരിയും ലാഭിച്ചു. |
| 2 | ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ |
| | അവാർഡ് : **യുണൈറ്റഡ് ബ്യൂവറീസ് ലിമിറ്റഡ്, പാലക്കാട്**<br><br>സംസ്ഥാനത്തെ ബിയർ ആവശ്യത്തിന്റെ 80% വും ഉല്പാദിപ്പിക്കുന്ന യുണൈറ്റഡ് ബ്യുവറീസ് മോട്ടോറുകൾ, റഫ്രിജറേഷൻ, ടാങ്കുകൾ എന്നിവ ഊർജ്ജകാര്യക്ഷമമാക്കുക വഴി 7.57 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 7.283 മെട്രിക് ടൺ ഇന്ധനവും ലാഭിച്ചു. |
| | പ്രശസ്തി പത്രം<br>**(1) കോക്കനട്ട് ലഗൂൺ , കോട്ടയം**<br>കേരളത്തിലെ റിസോർട്ടുകളിൽ ഒന്നായ കോക്കനട്ട് ലഗൂൺ ഇന്ധന ക്ഷമതയുള്ള ജനറേറ്ററുകളുടെ ഉപയോഗം, പാചകവാശ്യങ്ങൾക്കായുള്ള ഇന്ധനത്തിന്റെ ഉപയോഗം, തൊഴിലാളികൾക്കായി ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ .055 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 1450 Kg എൽ പി ജി യും ലാഭിച്ചു.<br><br>**(2) ലിക്വിഡ് പ്രൊപ്പൽഷൻ സെന്റർ/ഐ എസ് ആർ ഒ, വലിയമല, തിരുവനന്തപുരം**<br><br>വലിയമല കേന്ദ്രമായി പ്രവർത്തിക്കുന്ന ലിക്വിഡ് പ്രൊപ്പൽഷൻ സെന്റർ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, ഊർജ്ജ കാര്യക്ഷമത കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ഊർജ്ജ കാര്യക്ഷമത കൂടിയ കംപ്രസ്സറുകൾ സ്ഥാപിക്കൽ, ഊർജ്ജകാര്യക്ഷമ ലൈറ്റുകളുടെ ഉപയോഗം, വാട്ടർ പമ്പിംഗ് സിസ്റ്റം കാര്യക്ഷമമാക്കൽ എന്നിവയിലൂടെ 0.084 മില്ല്യൻ യൂണിറ്റ് വൈദ്യുതി ലാഭിച്ചു. |
| 3 | ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ |
| | പ്രശസ്തി പത്രം<br>**(1) ദിനേശ് ഫുഡ്സ്, കണ്ണൂർ**<br><br>സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കേരള ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു യൂണിറ്റായി പ്രവർത്തിക്കുന്ന ദിനേശ് ഫുഡ്സ്, സോളാർ വാട്ടർ ഹീറ്ററിന്റെ ഉപയോഗം, ചിരട്ട, തൊണ്ട് എന്നിവ ഉപയോഗിച്ചുള്ള ബോയിലറുകളുടെ ഉപയോഗം എന്നിവയിലൂടെ എൽ പി ജി യുടെ ഉപയോഗം ഗണ്യമായി കുറച്ചു. |
| 4 | ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ |
| | അവാർഡ് : **എനർജി കൺസർവേഷൻ സൊസൈറ്റി** |

| | |
|---|---|
| | തിരുവനന്തപുരം ആസ്ഥാനമായി രജിസ്റ്റർ ചെയ്ത ഒരു ഗവൺമെന്റിതര സംഘടനയായ ഇ.സി.എസ് ഊർജ്ജ സംരക്ഷണ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി വിവിധതരം ബോധവൽക്കരണ പരിപാടികൾ പരിശീലന പരിപാടികൾ, സെമിനാറുകൽ, ചർച്ചകൾ എന്നിവ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി വിവിധ മത്സര പരിപാടികൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. |
| | പ്രശസ്തിപത്രം<br><br>**(1) ഐ ആർ ടി സി (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ,) പാലക്കാട്**<br><br>ഗ്രാമവികസനത്തിനനുയോജ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനും അവ പ്രചരിപ്പിക്കുന്നതിനും ജനങ്ങളിൽ ശാസ്ത്രബോധം ഉണ്ടാക്കുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തുന്ന ഐ ആർ ടി സി പാചക ഇന്ധനം ലാഭിക്കുന്നതിനു വേണ്ടി വികിസപ്പിച്ചെടുത്ത ചൂടാറാപ്പെട്ടി പ്രചരിപ്പിക്കുക വഴി വിറക്, എൽ പി ജി എന്നിവ ലാഭിക്കുവാൻ കഴിഞ്ഞു. 9522 ടൺ വിറക് ഇതിലൂടെ ലാഭിക്കുവാൻ കഴിഞ്ഞു.<br><br>മാലിന്യ നിർമ്മാർജ്ജനവും ഇന്ധന ലാഭവും സാധ്യമാക്കുന്ന പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമായി പ്രചരിപ്പിച്ചു വരുന്നു. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.<br>**(2) കെ എസ് ഇ ബി ഓഫീസേഴ്സ് അസ്സോസിയേഷൻ, തിരുവനന്തപുരം.**<br>1990 ൽ രൂപീകൃതമായ കെ എസ് ഇ ബി ഓഫീസ് അസ്സോസിയേഷനിൽ 3000 ത്തോളം അംഗങ്ങളാണുള്ളത്. ഊർജ്ജസംരക്ഷണ/ഊർജ്ജ കാര്യക്ഷമ കാര്യങ്ങൾക്കായി പ്രത്യേക സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുകയും വൈദ്യുതി സംരക്ഷണത്തെപ്പറ്റി പൊതുജനങ്ങൾക്ക് അറിവു നൽകുന്നതിനായി കലാജാഥകൾ സംഘടിപ്പിക്കുകയും, ഊർജ്ജ സംരക്ഷണ ബോധവൽക്കരണത്തിനായി മത്സരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്ന അസ്സോസിയേഷന്റെ പ്രവർത്തനം മാതൃകാപരമാണ്. |
| 5 | ഗവേഷണവും നൂതനാശയങ്ങളും<br>അവാർഡ് : ഇല്ല |
| | പ്രശസ്തിപത്രം<br>**(1) ടീം സസ്റ്റൈൻ,എറണാകുളം**<br><br>പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന ഹരിത/മാലിന്യമുക്ത സാങ്കേതിക വിദ്യകൾ വികസിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന ടീം സസ്റ്റൈൻ ഊർജ്ജ സംരക്ഷണത്തിനായി പ്രയോഗത്തിൽ |

| | |
|---|---|
| | വരുത്തിയ ആശയങ്ങളാണ്,ഡി സി പവർ പാക്, സോളാർ ബോട്ട്, നെറ്റ് സീറോ, കോമേഴ്ഷ്യൽ ബിൽഡിംഗ് (Net Zero Commercial Building) നെറ്റ് സീറോ റസിഡൻഷ്യൽ ബിൽഡിംഗ് (Net Zero Residential ബിൽഡിംഗ്) എന്നിവ<br><br>**(2) ശ്രീ. സന്തോഷ് സി ജെ, കോട്ടയം**<br><br>പുകയില്ലാത്ത അടുപ്പുകൾ വികസിപ്പിച്ച് പ്രചരിപ്പിക്കുന്ന ശ്രീ. സന്തോഷ് വീട്ടാവശ്യങ്ങൾക്കുപയോഗിക്കുന്ന രണ്ട് അടുപ്പും, പാഴ് വസ്തുക്കൾ കത്തിക്കുന്നതിനുള്ള ഒരു യൂണിറ്റും വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| 6 | വ്യക്തികൾ<br>അവാർഡ് ഇല്ല |
| | പ്രശസ്തിപത്രം<br>**(1) ശ്രീ. കെ. സോമൻ, തൃശ്ശൂർ**<br>ഊർജ്ജ സംരക്ഷണ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി ശ്രീ. കെ. സോമൻ നടത്തി വരുന്ന പല പ്രവർത്തനങ്ങളും പൊതുജന ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതാണ്.<br>**(2) എസ് രതകുമാരൻ, കൊല്ലം**<br>ഇപ്പോൾ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. രതകുമാരൻ, കഴിഞ്ഞ 16 വർഷങ്ങളായി വിവിധ വിഭാഗങ്ങൾക്കായി ബോധവൽക്കരണ പരിപാടികളും, കല-സാഹിത്യം എന്നിവ ഉൾപ്പെടുത്തി നൂതനമായ ഊർജ്ജസംരക്ഷണ പ്രചാരണ പരിപാടികളും നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ചുക്കാൻ പിടിച്ച ശ്രീ. രതകുമാരന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.<br>**(3) ബി സുരേന്ദ്രൻ**<br>പട്ടം,കേന്ദ്രീയ വിദ്യാലയത്തിലെ ലൈബ്രേറിയനായ ശ്രീ. ബി. സുരേന്ദ്രൻ ഊർജ്ജ കാര്യക്ഷമതയുടെ പ്രാധാന്യത്തെപ്പറ്റിയും ഊർജ്ജ സംരക്ഷണത്തെപ്പറ്റിയും അറിവ് പകരുന്നതിന് നൽകുന്ന പ്രവർത്തനങ്ങൾ പ്രശംസയർഹിക്കുന്നതാണ്. |
| 7 | കെട്ടിടങ്ങൾ |
| | അവാർഡ്<br>**(1) ബി എസ് എൻ എൽ, കൊച്ചി**<br>ടെലി കമ്മ്യൂണിക്കേഷൻ രംഗത്ത് പ്രവർത്തിക്കുന്ന ബി എസ് എൻ എൽ കൊച്ചിയിലെ ടെലിഫോൺ എക്സേഞ്ചിൽ എയർ കണ്ടീഷനിംഗ് ഊർജ്ജ കാര്യക്ഷമമാക്കൽ, ഊർജ്ജ കാര്യക്ഷമ വിളക്കുകൾ സ്ഥാപിക്കൽ, പമ്പുകൾ ഊർജ്ജ കാര്യക്ഷമമാക്കൽ, എ സി യൂണിറ്റുകളുടെയും, പാക്കേജ് യൂണിറ്റുകളുടെ ശരിയായ പരിപാലനം. ഓൺലൈൻ എനർജി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവയിലൂടെ ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. |

| | |
|---|---|
| | പ്രശസ്തിപത്രം<br>**(1) കിംസ് , തിരുവനന്തപുരം**<br>450 ഓളം കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആയ കിംസ് വൈദ്യുതി ആവശ്യ നിയന്ത്രണ സംവിധാനം സ്ഥാപിക്കൽ, ചില്ലറുകൾക്കും കണ്ടൻസറുകൾക്കും വേരിയബിൾ ഫ്രീക്വൻസി ഡ്രൈവ് സ്ഥാപിക്കൽ വാട്ടർ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കൽ, ഊർജ്ജകാര്യക്ഷമ ലൈറ്റിംഗ് സംവിധാനം സ്ഥാപിക്കൽ എന്നിവയിലൂടെ ശ്രദ്ധേയമായ ഊർജ്ജ സംരക്ഷണ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. |
| 8 | ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളുടെ നിർമ്മാതക്കൾ |
| | അവാർഡ്<br>**(1) അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം**<br><br>1992 ൽ സ്ഥാപിതമായ അമ്മിണി എനർജി സിസ്റ്റംസ് ഊർജ്ജ സംരക്ഷണ ഉപകരണങ്ങൽ സൗരോർജ്ജ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി ഗവേഷണ-വികസന പ്രവർത്തനങ്ങൾ നടത്തുകയും അവ നിർമ്മിച്ച് ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്നു. ഈ ഉപകരണങ്ങളുടെ ഉപയോഗം മൂലം 12.86 മില്ല്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കുന്നതിനായി സാധിക്കും എന്നു കണക്കാക്കിയിരിക്കുന്നു. സി എഫ് എൽ, എൽ ഇ ഡി എന്നിവ ഉപയോഗിച്ചുള്ള ഇൻഡോർ ലൈറ്റിംഗ് ലൂമിനെറി, റോഡ് ലൈറ്റിംഗ് ലൂമിനെറി,സോളാർ ചാർജ് കൺട്രോളർ, സോളാർ ഹോം കൺട്രോളർ, സോളാർ ലൈറ്റുകൾ, പവർ പാക്ക്, സോളാർ സ്ട്രീറ്റ് ലൈറ്റ് ലൂമിനെറി എന്നിവ പ്രധാന ഉല്പന്നങ്ങളാണ് കാര്യക്ഷമതയുള്ള ഇത്തരം ഉല്പ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് അമ്മിണി എനർജി സിസ്റ്റംസ് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. |
| | പ്രശസ്തിപത്രം<br><br>**(1) വി. ഗാർഡ്, എറണാകുളം**<br>ഇലക്ട്രിക് - ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ നിർമ്മാതാക്കളായ വി-ഗാർഡ് പല ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളും നിർമ്മിക്കുന്നുണ്ട്. ബി ഇ ഇ സ്റ്റാർ ലേബലുകളുള്ള വാട്ടർ ഹീറ്ററുകളുടെ 15 മോഡൽ വികസിപ്പിച്ചെടുത്തു. വാട്ടർ ഹീറ്ററുകൾക്ക് കാര്യക്ഷമമായി ഇൻസുലേഷൻ, ഇനാമൽ കോട്ടിംഗ് എന്നിവ ഏർപ്പെടുത്തി.<br>**(2) ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, പാലക്കാട്**<br>ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് - ഊർജ്ജ കാര്യക്ഷമ ലൈറ്റിംഗ് സംവിധാനങ്ങൾ രൂപകല്പന ചെയ്ത്, വികസിപ്പിക്കുക, നിർമ്മിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി 2008 ൽ സ്ഥാപിതമായ ഈ സ്ഥാപനം ഊർജ്ജ കാര്യക്ഷമതയുള്ള സി എഫ് എൽ റോഡ് ലൈറ്റിംഗ് ല്യൂമിനെറീസ്, എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റിംഗ് ലൂമിനെറീസ്, ഇലക്ട്രോണിക് ബലാസ്റ്റ്, റിട്രോഫിറ്റ് ലാമ്പുകൾ, എൽ ഇ ഡി ബൾബ്സ് എന്നിവ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. |

| | |
|---|---|
| | **(3) സെമിലോൺ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം**<br>എൽ ഇ ഡി ലൈറ്റിംഗ് സംവിധാനങ്ങൾ, ഹരിത സാങ്കേതിക വിദ്യകളിലൂന്നിയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ കേന്ദ്രീകരിച്ച് ഉല്പാദനം നടത്തി വരുന്ന ഈ സ്ഥാപനം ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ നിർമ്മാണത്തിൽ താല്പര്യമുള്ള ഒരു കൂട്ടം യുവസംരംഭകരുടെ കൂട്ടായ്മയാണ്. |
| 9 | ഊർജ്ജ കാര്യക്ഷമ/പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാതാക്കൾ/ രൂപകല്പന ചെയ്യുന്നവർ |
| | അവാർഡ് ഇല്ല |
| | പ്രശസ്തിപത്രം<br>**(1) അജിത് അസ്സോസിയേറ്റസ് ആർക്കിടെക്ച്ചറൽ കൺസ്യൂമേർസ്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം**<br>1978 ൽ സ്ഥാപിതമായ അജിത് അസ്സോസിയേറ്റ്സ് വീടുകൾ, വാണിജ്യസ്ഥാപനങ്ങൾ, വ്യവസായ ശാലകൾ എന്നിവർക്കുള്ള കെട്ടിടങ്ങൾ പണിയുന്നതിനായി ഗ്രീൻ ബിൽഡിംഗ് (Green Building) എന്ന ആശയം പ്രചരിപ്പിച്ചുവരുന്നു. |
| 10 | ഊർജ്ജ ക്ലിനിക് വാളണ്ടിയർ |
| | അവാർഡ് : (1) **ശ്രീമതി ത്രേസ്യാമ്മ ബേബി, ആലപ്പുഴ**<br>ഗാർഹിക രംഗത്തെ ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന ഊർജ്ജ ക്ലിനിക്ക് പരിപാടി കൂടുതൽ വീട്ടമ്മമാരുടെ പ്രാതിനിധ്യത്തോടുകൂടി നടപ്പിലാക്കിയ ശ്രീ. ത്രേസ്യാമ്മ ബേബിക്ക് ഈ വിഭാഗത്തിൽ അവാർഡ് നൽകും. |
| 11 | സർട്ടിഫൈഡ് എനർജി ഓഡിറ്റർ/ എനർജി മാനേജർ |
| | അവാർഡ് - ഇല്ല |
| | പ്രശസ്തിപത്രം<br>(1) **ശ്രീമതി ജെസ്സി ജെ തട്ടിൽ**<br>ബി ഇ ഇ സർട്ടിഫൈഡ് എനർജി ഓഡിറ്ററായ ശ്രീമതി ജെസ്സി ജെ തട്ടിൽ. ബി എസ് എൻ എൽ സബ് ഡിവിഷൻ എഞ്ചിനീയറായി ജോലി നോക്കുകയാണ്. കേരള ഹൈക്കോടി, ബി എസ് എൻ എൽ ന്റെ ടെലിഫോൺ എക്സ്ചേഞ്ചുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |
| 12 | സ്കൂളുകൾ |
| | അവാർഡ് : ഇല്ല |
| | പ്രശസ്തിപത്രം<br>**(1) ദ വില്ലേജ് ഇന്റർനാഷണൽ സ്കൂൾ, ഇടുക്കി**<br><br>ഇടുക്കി ജില്ലയിലെ വില്ലേജ് ഇന്റർനാഷണൽ സ്കൂൾ കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി വീടുകൾ/ക്ലാസ്സ് റൂമുകൾ എന്നിവിടങ്ങളിൽ എനർജി ഓഡിറ്റ് നടത്തി. പൊതുജനങ്ങൾക്ക് അടുത്തുള്ള സ്കൂളുകളിലും ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ |

| | |
|---|---|
| | നടത്തി. ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു. |
| 13 | കോളേജുകൾ |
| | അവാർഡ് : **കേരള ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ച് സൊസൈറ്റി, കോട്ടക്കൽ, മലപ്പുറം**<br><br>കേരള ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ച് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് വൈദ്യരത്നം പി എസ് വാര്യർ ആയുർവേദ കോളേജ് ആന്റ് ആയുർവേദ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ.<br><br>ഊർജ്ജ സംരക്ഷണത്തിനായി സൗരോർജ്ജ വിളക്കുകൾ, വാട്ടർ ഹീറ്ററുകൾ എന്നിവയുടെ ഉപയോഗിക്കൽ/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, പുകയില്ലാത്ത അടുപ്പുകളുടെ നിർമ്മാണം, നക്ഷത്രമുറ്റം, ചെമ്പരത്തി മുറ്റം തുടങ്ങിയ ഗ്രീൻ കാമ്പസ് പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| | പ്രശസ്തിപത്രം<br>**(1) ടോക്ക് എച്ച് ഇൻസ്റ്റിറ്റൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി**<br>കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഈ സ്ഥാപനം ഊർജ്ജ സംരക്ഷണ രംഗത്ത് പല നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. സോളാർ പവർ പ്ലാന്റുകൾ, സോളാർ വിളക്കുകൾ സ്ഥാപിക്കൽ, മഴവെള്ള സംഭരണം, വിന്റ്മിൽ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കൽ, ഊർജ്ജ സംരക്ഷണ സാങ്കേതിക വിദ്യാർത്ഥികൾക്കായി ഗവേഷണം, ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തി വരുന്നു. |

അവാർഡുകൾ ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14 ന് വിതരണംചെയ്യും

**കൂടുതൽ വിവരങ്ങൾക്ക്:**

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ - കേരള
ശ്രീകൃഷ്ണ നഗർ, ശ്രീകാര്യംപോസ്റ്റ്, തിരുവനന്തപുരം - 695 017
ഫോൺ : 0471 2594922, ഫാക്സ് : 2594923
ഇ. മെയിൽ: emck@keralaenergy.gov.in
www.keralaenergy.gov.in